# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 452 — 24.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി ഇ.എസ്. ബിജിമോൾ<br>,, ജി.എസ്. ജയലാൽ<br>,, ഇ.കെ വിജയൻ<br>,, രാജൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവായിപ്പോകുന്ന റേഷൻ കാർഡുടമകൾക്ക് എന്തെങ്കിലും റേഷൻ വിഹിതം സംസ്ഥാന പദ്ധതിയായി ലഭ്യമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ, വിശദമാക്കുമോ ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആകുന്നു. കേരളത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായിട്ട് 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരാത്ത 187 ലക്ഷത്തോളം അർഹരായ ജനവിഭാഗങ്ങൾക്ക് ബാക്കിയുള്ള 4 ലക്ഷം മെ.ടൺ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുവാൻ കഴിയും. ആയതിന്റെ വിതരണക്രമം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | നിലവിൽ ആശുപത്രികൾ, ജയിലുകൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോഴും തുടരുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് വെൽഫെയർ പെർമിറ്റുകൾ പ്രകാരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങളായ അനാഥാലയങ്ങൾ വൃദ്ധസദനങ്ങൾ തുടങ്ങിയവയ്ക്കും എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾ പ്രകാരം ജയിലുകൾ, പോലീസ് ക്യാമ്പുകൾ ആശുപത്രികൾ തുടങ്ങിയവയ്ക്കും ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിന് മുൻഗണനാ വിഭാഗങ്ങൾക്കു വേണ്ടി വരുന്ന 10.25 മെ.ടൺ ഭക്ഷ്യധാന്യം ആകെയുള്ള 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യത്തിൽ നിന്നും കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന 4 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | നിലവിലെ ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ സൗജന്യ നിരക്കിൽ നൽകുന്നത് ഭക്ഷ്യ ഭദ്രതാ നിയമത്തിലും തുടരുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുമ്പോഴും എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ തന്നെ അരി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. മുൻഗണനാ വിഭാഗക്കാർക്ക് **NFSA** നിരക്കിൽ നൽകണമോ, സൗജന്യമായി നൽകണമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*